

പള്ളിക്കൂദാശാക്കാലം
മൂന്നാം ഞായർ

എമ്മാവൂസ് വചനദൂത്

# യേശു ദൈവാലയം ശുദ്ധീകരിക്കുന്നു

(സംഖ്യ 9:15–18; ഏശ. 54:1–10; യോഹ. 2:13–22; ഹെബ്രാ. 9:5–15)

ബ്ര. ജൂഡ് കോയിൽപ്പറമ്പിൽ MCBS

(Vol. 10, Issue 24)

ഉത്ഥിതനായ ഈശോയോടൊപ്പം സ്വർഗ്ഗീയാരാധനയിൽ പങ്കെടുക്കുവാൻ വിളിക്കപ്പെട്ടവരാണ് നാമോരോരുത്തരും എന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന പള്ളിക്കൂദാശാക്കാലത്തിന്റെ മൂന്നാമത്തെ ആഴ്ചയിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. ദൈവാരാധനയ്ക്കായി ദൈവാലയത്തിൽ ഒത്തുകൂടിയിരിക്കുന്ന നമുക്ക് വചനവിചിന്തനത്തിനായി തിരുസഭ നൽകുന്നത് ദൈവാലയം ശുദ്ധി ചെയ്യുന്ന ദൈവപുത്രന്റെ രംഗമാണ്.

ക്രൈസ്തവരായ നമ്മുടെ ജീവിതത്തോട് ചേർന്നുനിൽക്കുന്ന യാഥാർത്ഥ്യമാണ് ദൈവാലയം. നമ്മുടെ ജനനം മുതൽ മരണം വരെ ഈ ദൈവാലയത്തിന്റെ സുരക്ഷിത വലയത്തിലാണ്. നാം നമ്മുടെ ബന്ധുക്കളെയും സുഹൃത്തുക്കളെയും വിളിച്ച് ആഘോഷിക്കുന്ന നമ്മുടെ ജീവിതത്തിന്റെ പ്രധാനപ്പെട്ട നിമിഷങ്ങളായ മാമ്മോദീസയും, ആഘോഷമായ കുർബാന സ്വീകരണവും, വിവാഹവും, തിരുപ്പട്ടവുമെല്ലാം നാം നടത്തുന്നത് ഈ ദൈവാലയത്തിന്റെ പരിശുദ്ധിയിലാണ്. ഒരു ക്രൈസ്തവനെ സംബന്ധിച്ച് ദൈവാലയം എത്രത്തോളം പ്രധാനപ്പെട്ടതാണോ അത്രത്തോളം അല്ലെങ്കിൽ അതിലേറെ പ്രധാനപ്പെട്ടതാണ് ഒരു യഹൂദന് ജറുസലേം ദൈവാലയം. അവന്റെ ആത്മാവും മനസ്സും ശരീരവും എക്കാലവും ജറുസലേം ദൈവാലയത്തെ ചുറ്റിപ്പറ്റിയായിരുന്നു എന്നത് നാം ഓർത്തുവയ്ക്കേണ്ട യാഥാർത്ഥ്യമാണ്.

ഈ ദൈവാലയം ശക്തമായ ദൈവസാന്നിധ്യത്തിന്റെ ഇടമാണ്. ഇന്നത്തെ ഒന്നാം വായനയിൽ ശക്തമായ ദൈവസാന്നിധ്യം അനുഭവിച്ച് വാഗ്ദാനദേശത്തെ ലക്ഷ്യമാക്കി മരുഭൂമിയിലൂടെ യാത്ര ചെയ്യുന്ന ഇസ്രായേൽ ജനത്തെപ്പറ്റി നാം ശ്രവിച്ചു. ദൈവം അരുൾചെയ്തതനുസരിച്ച്, മോശ സാക്ഷ്യകൂടാരം നിർമ്മിക്കുന്നു. ദൈവസാന്നിധ്യത്തിന്റെ അടയാളമായി പകൽ മേഘവും, രാത്രി അഗ്നിരൂപവും കൂടാരത്തെ ആവരണം ചെയ്തു. മേഘം കൂടാരത്തിൽ നിന്ന് ഉയരുമ്പോൾ അവർ യാത്ര തിരിക്കും, മേഘം നിൽക്കുന്നിടത്ത് അവർ പാളയമടിക്കും. ചുരുക്കിപ്പറഞ്ഞാൽ, ഈ സാക്ഷ്യകൂടാരത്തെ ചുറ്റിപ്പറ്റിയായിരുന്നു അവരുടെ ഓരോ നീക്കവും.

കാലങ്ങൾ കടന്നുപോയി. കാനാൻ ദേശത്ത് വാസമുറപ്പിച്ച ഇസ്രായേലിന് സ്വന്തമെന്ന് അവകാശപ്പെടാൻ, തങ്ങളുടെ ദൈവത്തെ ആരാധിക്കാൻ സാക്ഷ്യകൂടാരത്തിനു പകരം ജറുസലേമിൽ ഒരു ദൈവാലയം സോളമൻ രാജാവ് നിർമ്മിച്ചു. എന്നാൽ, ക്രിസ്തുവിനു മുമ്പ് ആറാം നൂറ്റാണ്ടിൽ ബാബിലോണിയൻ സാമ്രാജ്യശക്തി ഈ ദൈവാലയം തകർത്തു. ബാബിലോണിന്റെ അടിമത്വത്തിൽ നിന്ന് തിരിച്ചുവന്ന ഇസ്രായേൽജനം ദൈവാലയം പുനർനിർമ്മിച്ചു. വീണ്ടും വർഷങ്ങൾ മുമ്പോട്ടുപോയപ്പോൾ ബി. സി. ഒന്നാം നൂറ്റാണ്ടിൽ ഹേറോദേസ് രാജാവ് ഈ ദൈവാലയം കൂടുതൽ മനോഹരമായി പുനർനിർമ്മിച്ചു. ഈ ദൈവാലയത്തിന്റെ പശ്ചാത്തലത്തിൽ വേണം ഈ വചനഭാഗത്തെപ്പറ്റി നാം ചിന്തിക്കാൻ.

ഈ ദൈവാലയത്തിന് നാല് മണ്ഡപങ്ങളുണ്ടായിരുന്നു. ആദ്യം ഏറ്റവും പുറത്തായി വിജാതീയർക്കു പ്രാർത്ഥിക്കാവാനുള്ള മണ്ഡപം, പിന്നീട് സ്ത്രീകൾ

ക്കുള്ള മണ്ഡപവും, യഹൂദരുടെ മണ്ഡപവും, തുടർന്ന് പുരോഹിതരുടെ മണ്ഡപവും. ഇതിൽ വിജാതീയരുടെ മണ്ഡപത്തിലായിരുന്നു കച്ചവടക്കാരും, നാണയമാറ്റക്കാരും തമ്പടിച്ചിരുന്നത്. വിജാതീയർക്ക് കടന്നുവന്ന് പ്രാർത്ഥിക്കാൻ സാധിക്കാത്ത അന്തരീക്ഷം... കച്ചവടക്കാരുടെ കോലാഹലവും, ജനത്തിന്റെ തിക്കും തിരക്കും, കാളകളുടെയും ആടുകളുടെയും കരച്ചിലും, നാണയങ്ങളുടെ ചിലമ്പലുകളും ഒപ്പം ബലിമൃഗങ്ങളെ വാങ്ങാൻ വരുന്നവരുടെ വിലപേശലും. ദൈവാലയാന്തരീക്ഷം ശബ്ദമുഖരിതമായിരുന്നു. വിജാതീയർക്ക് ദൈവാനുഭവത്തിനുള്ള അവസരം നിഷേധിക്കുന്ന യഹൂദജനതയെ നാം ഇവിടെ കാണുന്നു. ഇതിനെതിരെയാണ് ഈശോ ശബ്ദമുയർത്തുന്നത്.

ഇനി നമ്മുടെ ജീവിതത്തിലേയ്ക്ക് ഒന്നു തിരിഞ്ഞു നോക്കാം. അപരന് ദൈവാനുഭവത്തിന് തടസ്സം നിൽക്കുന്ന സംസാരങ്ങളും പ്രവൃത്തികളും എന്റെയും നിങ്ങളുടെയും ജീവിതത്തിലുണ്ടോ? ഒരു രക്ഷിതാവ് എന്ന നിലയിൽ എന്റെ മക്കളെ ദൈവത്തിങ്കലേയ്ക്ക് ചേർത്തുവയ്ക്കുന്നതിൽ ഞാൻ പരാജയപ്പെട്ടിട്ടുണ്ടോ? എന്റെ മകന്റെ/ മകളുടെ ഉപരിപഠനം, നൃത്തപരിശീലനം, പാട്ട് പരിശീലനം എന്നൊക്കെ പറഞ്ഞ് മതപഠന ക്ലാസ്സുകൾ ഒഴിവാക്കുമ്പോൾ അപരന് ദൈവാനുഭവത്തിന് തടസ്സം നിന്ന ഈശോയുടെ സമയത്തെ ആ യഹൂദർക്ക് തുല്യമാകുകയല്ലേ എന്റെ ജീവിതം എന്ന് നാം പരിശോധിക്കണം (ക്രിസ്തു എന്നെയും നിങ്ങളെയും നോക്കി കോപിക്കാതിരിക്കട്ടെ).

യോഹ. 2:18-ൽ യഹൂദർ അവനോടു ചോദിച്ചു: ''ഇതു ചെയ്യാൻ നിനക്ക് അധികാരമുണ്ടെന്നതിന് എന്ത് അടയാളമാണ് നീ ഞങ്ങളെ കാണിക്കുക?'' യേശു മറുപടി പറഞ്ഞു: ''നിങ്ങൾ ഈ ദൈവാലയം നശിപ്പിക്കുക; മൂന്ന് ദിവസത്തിനകം ഞാൻ അത് പുനരുദ്ധരിക്കും.'' ഇതിനുശേഷം യോഹന്നാൻ സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നു: ''അവൻ പറഞ്ഞത് തന്റെ ശരീരമാകുന്ന ആലയത്തെപ്പറ്റിയാണ്.'' തന്റെ ശരീരത്തെ, തന്റെ ജീവിതത്തെ നോക്കി തല ഉയർത്തിപ്പിടിച്ച് ഈശോ പറഞ്ഞു: ''ഇത് ദൈവാലയമാണ്. ഒരുവന് ദൈവാനുഭവം നൽകുന്ന ഇടമാണ് ദൈവാലയം.'' തീർച്ചയായിട്ടും ഈശോ ഒരു ദൈവാലയമായിരുന്നു. എത്രയോ പേർക്കാണ് അവൻ ദൈവാനുഭവം സമ്മാനിച്ചത്. ഏലീശായുടെ ഉദരത്തിലായിരുന്ന സ്നാപകയോഹന്നാനും, സിക്കമൂർ വൃക്ഷത്തിൽ കയറി കാത്തിരുന്ന സക്കേവൂസിനും, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീക്കും അവൻ ദൈവനുഭവം സമ്മാനിച്ചു. എന്തിനേറെ പറയണം, ഒരു നോട്ടത്തിലൂടെപ്പോലും ദൈവാനുഭവം നൽകിയവന്റെ പേരാണ് ഈശോ. മൂന്നു തവണ തന്നെ തള്ളിപ്പറഞ്ഞ പത്രോസിനെ ഈശോ ഒന്നു നോക്കി. ഉടൻ തന്നെ പത്രോസ് പുറത്തുപോയി മനം നൊന്തു കരഞ്ഞു.

നാം കണ്ട് കടന്നുപോയ, അല്ലെങ്കിൽ നമ്മെ കണ്ട് കടന്നുപോയ എത്രപേർക്ക് ദൈവാനുഭവം നൽകാൻ നമുക്ക് സാധിച്ചിട്ടുണ്ട്? ഒരു ദൈവാലയമായി ജീവിച്ച് അപരന് ദൈവാനുഭവം നൽകി കടന്നുപോയ ധാരാളം പേരുണ്ട്. അതിനൊരു ഉദാഹരണമാണ് വി. ജോൺപോൾ രണ്ടാമൻ പാപ്പായുടെ അമ്മ. ലോലക്ക് എന്ന ജോൺപോൾ രണ്ടാമന് തീരെ ചെറുപ്പത്തിൽ അമ്മയുടെ മടിയിലിരിക്കുക ഒരുപാട് ഇഷ്ടമായിരുന്നു. അവൻ വന്ന് മടിയിലിരിക്കുമ്പോൾ ആ നല്ല അമ്മ, കെട്ടിടങ്ങൾക്കും തെരുവുകൾക്കുമപ്പുറത്ത് 600 വർഷം പഴക്കമുള്ള ദൈവാലയത്തിന്റെ കുരിശ് അവന് കാട്ടിക്കൊടുക്കും. എന്നിട്ട് അമ്മ പ്രാർത്ഥിക്കും, സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ... എന്ന്. അവനത് ഏറ്റുചൊല്ലണം. പിന്നെ അമ്മ തന്റെ മകന്റെ കാതിൽ പറയും: ''ലോലക്ക്, നീ ഒരിക്കലും ദൈവത്തിന് ഇഷ്ടപ്പെടാത്തവ ചെയ്യരുത്. ആവുന്ന നന്മകൾ മനുഷ്യർക്ക് ചെയ്യണം.'' ഇന്ന് ജോൺപോൾ രണ്ടാമൻ മാർപാപ്പാ വിശുദ്ധനായി വണങ്ങപ്പെടുന്നെങ്കിൽ അതിനു പിന്നിൽ ഒരു ദൈവാലയമായി വർത്തിച്ച്, മകന് ദൈവാനുഭവം പകർന്ന ഒരു അമ്മയുണ്ട് എന്ന കാര്യം നാം ഓർക്കണം.

അപരന് ദൈവാനുഭവം സമ്മാനിക്കുന്ന ദൈവാലയമാകാൻ നമുക്കും സാധിക്കും. ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ ജീവിതപങ്കാളിയെയും മക്കളെയും കൂട്ടി ദൈവാലയത്തിൽ വന്ന് അൽപനേരം മൗനമായി ചെലവഴിക്കാൻ സാധിക്കുമോ? കുടുംബപ്രാർത്ഥനയുടെ മാഹാത്മ്യം വിസ്മരിക്കപ്പെടുന്ന ഈ ലോകത്ത് തീക്ഷ്ണതയോടെ കുടുംബപ്രാർത്ഥന നടത്തി മക്കൾക്ക് ദൈവാനുഭവത്തിന്റെ പാഠങ്ങൾ പകർന്നുനൽകുന്ന മാതാപിതാക്കളാകാൻ കഴിയുമോ? ഇതിനൊക്കെ സാധിക്കുമെങ്കിൽ മറ്റുള്ളവർക്ക് ദൈവാനുഭവം നൽകുന്ന ദൈവാലയമായി നാം രൂപാന്തരപ്പെടും.

ഇന്നത്തെ ലേഖനത്തിലൂടെ തിരുസഭ നമ്മെ ഓർമ്മിപ്പിക്കുന്നത് ഇതാണ്, 'ക്രിസ്തുവിന്റെ രക്തം സകല നിർജ്ജീവ പ്രവൃത്തികളിൽ നിന്നും നമ്മെ ശുദ്ധീകരിക്കുന്നു' എന്ന്. ക്രിസ്തുവിന്റെ രക്തം പാനം ചെയ്യുന്ന വേളയാണ് വിശുദ്ധ കുർബാന. ഈ വിശുദ്ധ കുർബാനയിൽ എന്നിലെ സ്വാർത്ഥത ഉപേക്ഷിക്കാനും അപരന് ദൈവാനുഭവം പകർന്ന് ദൈവാലയമായിത്തീരാനുള്ള കൃപയും നൽകപ്പെടുന്നുണ്ട്. അതിനാൽ ഒരുക്കത്തോടും ഭക്തിയോടും കൂടെ കുർബാനയിൽ പങ്കുചേരാം. ഓർക്കാം, എന്റെ മക്കൾക്ക്, ജീവിതപങ്കാളിക്ക്, സഹോദരങ്ങൾക്ക് ദൈവാനുഭവം നൽകുന്ന ദൈവാലയമാകാനുള്ള വിളിയാണ് എന്റേത്. ത്രീത്വൈക ദൈവം തീർച്ചയായും നമ്മെ അനുഗ്രഹിക്കും.